# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5960 28-10-2011-ൽ മറുപടിക്ക്

### തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) കേരള ഹൈക്കോടതിയുടെ ഒരു ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ? | തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയം മുഖ്യമന്ത്രിയുടെയും ചീഫ് ജസ്റ്റീസുമാരുടെയും സമ്മേളനം കൈക്കൊള്ളുന്ന തീരുമാനം പരിശോധിക്കുന്നതിനായി രൂപീകരിച്ച Second Level Monitoring Committee വിളിച്ചുകൂട്ടുന്നതിനായി ആഭ്യന്തര (സി) വകുപ്പിനോട് 29-9-2009-ലെ 4323/ഭരണം 1(2)/2009/നിയമം നമ്പരായുള്ള അനൗദ്യോഗിക കുറിപ്പ് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ Second Level Monitoring Committe വിളിച്ചുകൂട്ടുന്നതിനു മുന്നോടിയായി First Level Monitoring Committee വിളിച്ചുകൂട്ടി ടി വിഷയം ഒരു അജണ്ടയായി വിളിച്ചുകൂട്ടണമെന്നും ചൂണ്ടിക്കാട്ടി ഒരു ഓർമ്മക്കുറിപ്പ് ആഭ്യന്തര (സി) വകുപ്പിന് 6-7-2010-ൽ നൽകിയിട്ടുമുണ്ട്.<br>ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേരള ഹൈക്കോടതിയും കേന്ദ്രസർക്കാരുമാണ്. ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന പക്ഷം തുടർ നടപടികൾ സ്വീകരിക്കാം എന്നാണ് കേന്ദ്ര നിലപാട്. സർക്കാരിന്റെ ഭാഗത്തുനിന്നും |

| | |
|---|---|
| | അനുകൂല നിലപാടാണ് ഇക്കാര്യത്തിലുള്ളത്. ചീഫ് ജസ്റ്റിസിന്റെ സമ്മതം ലഭ്യമായിട്ടില്ല എന്നുള്ളതാണ് നിലവിലുള്ള തടസ്സം |
| ബി) ഹൈക്കോടതി ബഞ്ച് സംസ്ഥാനത്ത്സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇനിയും എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത് | ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ സമ്മതം ലഭ്യമാകേണ്ടതാണ് ഇനി പൂർത്തിയാകേണ്ട നടപടിക്രമം |
| സി) അടിയന്തിരമായി ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ? | ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ട്. ഈ വിഷയത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേരള ഹൈക്കോടതിയും കേന്ദ്ര സർക്കാരുമാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ